**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 847** **14-10-2026-ൽ മറുപടിയ്ക്ക്**

**ചേലക്കര നിയോജക മണ്ഡലത്തിലെ കാട്ടാന ശല്യം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** ചേലക്കര നിയോജക മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം ജനവാസ മേഖലയോട് ചേർന്ന വനാതിർത്തി പ്രദേശമുണ്ടെന്ന് വ്യക്തമാക്കുമോ;

**മറുപടി:** 80 കിലോമീറ്റർ ദൂരം ജനവാസ മേഖലയോട് ചേർന്ന വനാതിർത്തി പ്രദേശമുണ്ട്.

**(ബി)** ചേലക്കര നിയോജക മണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്നു കിടക്കുന്ന ജനവാസ മേഖലയിൽ എന്നു മുതലാണ് കാട്ടാന ഇറങ്ങി കൃഷി നശിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടത്; കാട്ടാന മച്ചാട് വനമേഖലയിലേക്ക് കടന്നുവരാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**മറുപടി:** 2022-ൽ കുതിരാൻ തുരങ്കം പ്രവർത്തനസജ്ജമായതോടെ മുൻ നാഷണൽ ഹൈവേയിലൂടെയുള്ള വാഹന ഗതാഗതം നിലയ്ക്കുകയും തുടർന്ന് ആനകൾ പീച്ചി വന്യജീവി സങ്കേതത്തിൽ നിന്നും അതിനോട് ചേർന്ന് കിടക്കുന്ന വാഴാനി വന്യമൃഗ സങ്കേതത്തിലേക്ക് പ്രവേശിക്കുകയും തുടർന്ന് വാഴാനിയോട് ചേർന്നു കിടക്കുന്ന മച്ചാട് വനമേഖലകളിലേക്കും പ്രവേശിക്കുകയുണ്ടായി. പിന്നീട് മച്ചാട് വനപ്രദേശത്തോട് ചേർന്ന് കിടക്കുന്ന ജനവാസ മേഖലകളിലേക്കും ആനകൾ പ്രവേശിച്ചു.

**(സി)** കൃഷി ഇടങ്ങളിലേക്ക് കാട്ടാന ഇറങ്ങുന്നത് തടയുന്നതിനായിട്ടുള്ള സൗരവേലി നിർമ്മാണം ചേലക്കര നിയോജക മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരം പൂർത്തീകരിച്ചിട്ടുണ്ട്; ശേഷിക്കുന്ന പ്രദേശത്ത് സൗരവേലി നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; സൗരവേലി നിർമ്മാണത്തിന് ഏതൊക്കെ ഫണ്ടുകളിൽ നിന്നാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** ചേലക്കര നിയോജക മണ്ഡലത്തിൽ ഏകദേശം 80 km ദൂരം വനവുമായി അതിർത്തി പങ്കിടുന്നുണ്ടെങ്കിലും ഏകദേശം 47 കിലോമീറ്റർ ദൂരമാണ് വാഴാനി വനമേഖലയോട് ചേർന്ന് കിടക്കുന്ന തുടർ വനപ്രദേശമുള്ളത്. മറ്റു വനപ്രദേശങ്ങൾ ചെറിയ ചെറിയ ബീറ്റുകൾ ആയി അങ്ങിങ്ങായി കിടക്കുന്നവയാണ്. ആദ്യഘട്ടത്തിൽ ഈ 47 കിലോമീറ്റർ ദൂരത്തിൽ ഫെൻസിംഗ് പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിൽ 30 km ദൂരം 5 ലൈൻ സോളാർ ഫെൻസിങ് ചെയ്തിട്ടുണ്ട്.

ശേഷിക്കുന്ന 17 km ദൂരത്തിൽ പുതുതായി ഫെൻസിങ് നിർമ്മാണം നടത്തേണ്ടതുണ്ട്. 30 km ദൂരത്തിൽ 5 ലൈൻ സോളാർ ഫെൻസിങ് ചെയ്യുന്നത് രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ്. ഫെൻസിങ് ചെയ്യുന്നതിന് ബഹു. ചേലക്കര MLA 40 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത് ഉപയോഗിച്ച് 14 km ദൂരം ഫെൻസ് ചെയ്യുവാൻ കഴിയും. ശേഷിക്കുന്ന 3 km വനം വകുപ്പ് ഫണ്ട് ഉപയോഗിച്ച് ചെയ്യാവുന്നതാണ്. MLA ഫണ്ട് ഉപയോഗിച്ചുള്ള 14 km 5 ലൈൻ ഫെൻസിങ് പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. 47 km ഫെൻസ് പൂർത്തീകരിച്ചാൽ ആന ശല്യം ഒരു പരിധി വരെ കുറക്കാൻ കഴിയും. ഈ പ്രവൃത്തി 2027 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**(ഡി)** ജനവാസ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്ന മാച്ചാട് വനമേഖലയിൽ നിന്നും കാട്ടാനകളെ തുരത്തി പീച്ചി വനമേഖലയിലേക്ക് എത്തിക്കുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്താം എന്ന കാര്യത്തിൽ എന്ത് നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**മറുപടി:** മച്ചാട്, വാഴാനി വനമേഖലയ്ക്ക് ഏകദേശം 12000 ഹെക്ടർ (120 സ്ക്വയർ കിലോമീറ്റർ) വിസ്തൃതിയുണ്ട്. ഈ മേഖലക്ക് ചുറ്റും ജനവാസമുണ്ട്. ആനകളെ ഈ വനപ്രദേശത്തുനിന്നും പീച്ചി മേഖലയിലേക്ക് തുരത്തുന്നതിന് മുമ്പായി ചുറ്റും ഫെൻസിങ് പൂർത്തിയാക്കേണ്ടതുണ്ട്. ഡ്രൈവ് ചെയ്യുന്ന അവസരത്തിൽ ആനകൾ ജനവാസ മേഖലകളിൽ പ്രവേശിക്കുന്നതും അതുമൂലം വലിയ നാശനഷ്ടങ്ങൾ സംഭവിക്കുവാനും സാധ്യതയുണ്ട്, മാത്രവുമല്ല ചെങ്കുത്തായ മലപ്രദേശമായ ഇവിടെ നിന്നും ആനകളെ പീച്ചി വനത്തിലേക്ക് തിരിച്ചു ഡ്രൈവ് ചെയ്യുക എന്നത് വളരെ അപകടകരവും ആയാസകരവുമായ പ്രവൃത്തിയാണ്.

പീച്ചിയിൽ നിന്നും വാഴാനിയിലേക്ക് ആനകൾ പ്രവേശിക്കുന്നത് ഏകദേശം 50 മീറ്റർ ദൂരം മാത്രം പീച്ചി ഡിവിഷനിലെ കുതിരാൻ വന മേഖലയിലൂടെയാണ്. തിരിച്ചു ഡ്രൈവ് ചെയ്യേണ്ടതും ഇതിലൂടെയാണ്. 12000 ഹെക്ടർ വിസ്തൃതിയുള്ള വനപ്രദേശത്ത് നിന്നും ഈ 50 മീറ്റർ ദൂരത്തിലേക്ക് ആനകളെ എത്തിക്കേണ്ടതുണ്ട്. മാത്രമല്ല ഇങ്ങനെ തുരത്തുന്ന ആനകൾ പീച്ചിയിൽ നിന്ന് ടി പ്രദേശത്തേക്ക് പുനഃപ്രവേശിക്കുന്നത് തടയുന്നതിന് വേണ്ട നടപടികളും സ്വീകരിക്കേണ്ടതുണ്ട്. നിലവിൽ ടി പ്രദേശത്ത് തൂക്കുവേലി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആനകൾ അത് മറികടന്ന് പീച്ചിയിലേക്കും അവിടെ നിന്ന് വാഴാനിയിലേക്കും സഞ്ചരിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ട്. ഫെൻസിംഗ് പൂർത്തീകരിച്ചതിനു ശേഷം കുങ്കിയാനകളെ കൊണ്ടുവന്ന് പല കേന്ദ്രങ്ങളിൽ നിലയുറപ്പിച്ച് അവിടെനിന്നും ഘട്ടം ഘട്ടമായി കുങ്കിയാനകളുടെ സഹായത്തോടെ വാഴാനി മച്ചാട് മേഖലകളിൽ പ്രവേശിച്ചിട്ടുള്ള ആനകളെ പീച്ചി മേഖലകളിലേക്ക് എത്തിക്കുന്നതിനാണ് നിലവിൽ പ്ലാൻ ചെയ്തിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**